**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2786** | **25-06-2024 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരായ ഗവേഷക വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; | (എ) | 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇത് സംബന്ധിച്ച് സാങ്കേതിക സഹായം നൽകുവാൻ കേന്ദ്രസർക്കാർ കാലതാമസം വരുത്തിയത് കാരണം സ്കോളർഷിപ്പ് ആ വർഷം കുടിശ്ശിക ആവാൻ കാരണമായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻ തന്നെ കുടിശ്ശിക അടക്കമുള്ള തുക വിതരണം ചെയ്യുവാൻ ആരംഭിച്ചു. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപക്ക് മുകളിലുള്ള വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നൽകുന്നത്. 2024-25 വർഷം ഈ ആവശ്യത്തിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും 30 കോടി രൂപ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75 % കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവുമാണ്. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ച് വരികയാണ്. കുടിശ്ശിക മുഴുവൻ ഈ വർഷം തന്നെ കൊടുത്തു തീർക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. |
| (ബി) | എന്ന് മുതലുള്ള സ്കോളർഷിപ്പ് തുകകളാണ് ഇപ്രകാരം വിതരണം ചെയ്യാനാകാതെ | (ബി) | 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ |

| | | | |
|---|---|---|---|
| | കുടിശ്ശികയായിട്ടുള്ളത്; വിഭാഗവും കോഴ്സും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | | ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇത് സംബന്ധിച്ച് സാങ്കേതിക സഹായം നൽകുവാൻ കേന്ദ്രസർക്കാർ കാലതാമസം വരുത്തിയത് കാരണം സ്കോളർഷിപ്പ് ആ വർഷം കുടിശ്ശിക ആവാൻ കാരണമായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻ തന്നെ കുടിശ്ശിക അടക്കമുള്ള തുക വിതരണം ചെയ്യുവാൻ ആരംഭിച്ചു. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപക്ക് മുകളിലുള്ള വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നൽകുന്നത്. 2024-25 വർഷം ഈ ആവശ്യത്തിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും 30 കോടി രൂപ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75 % കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവുമാണ്. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ച് വരികയാണ്. കുടിശ്ശിക മുഴുവൻ ഈ വർഷം തന്നെ കൊടുത്തു തീർക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. |
| (സി) | സ്കോളർഷിപ്പ് കുടിശ്ശിക മുഴുവനായും വിതരണം ചെയ്യുന്നതിന് ആകെ എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (സി) | ഇ-ഗ്രാന്റ്സ് വിതരണത്തിൽ പട്ടികജാതി വിദ്യാർഥികൾക്ക് 203.7 കോടി രൂപയും, പട്ടികവർഗ വിദ്യാർഥികൾക്ക് 14.59 കോടി രൂപയും നിലവിൽ കുടിശ്ശികയുണ്ട്. |
| (ഡി) | ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ലിങ്ക് ചെയ്യാത്തതുമൂലം സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത് മുടങ്ങിയ സാഹചര്യം ഉണ്ടായിട്ടുണ്ടോ; എത്രപേരുടെ എന്നുമുതലുള്ള സ്കോളർഷിപ്പുകളാണ് ഇപ്രകാരം മുടക്കം വന്നിട്ടുള്ളത്; ഇപ്രകാരം മുടക്കം വന്ന സ്കോളർഷിപ്പുകൾ പൂർണമായും വിതരണം ചെയ്യുന്നതിന് ആകെ എത്ര തുക ആവശ്യമായി വരും; | (ഡി) | വിദ്യാർത്ഥികളുടെ ആധാർ ബാങ്ക് അക്കൗണ്ടുമായി സീഡ് ചെയ്തശേഷം മാത്രമേ സ്കോളർഷിപ്പ് അപേക്ഷ ഇ-ഗ്രാന്റ്സ് പോർട്ടലിൽ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ആധാർ സീഡിംഗ് കാരണമായി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് വിതരണം മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| (ഇ) | ധനകാര്യവകുപ്പിൽ നിന്നും അനുമതി ലഭിക്കാത്തതാണോ സ്കോളർഷിപ്പുകൾ നൽകാൻ മുടക്കം വന്നതിനുള്ള കാരണം; സ്കോളർഷിപ്പുകൾ യഥാസമയം ലഭിക്കാത്തതുമൂലം ഈ സ്കോളർഷിപ്പുകളെ വിശ്വസിച്ച് ഉപരിപഠനം | (ഇ) | വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന സ്കോളർഷിപ്പ് കുടിശ്ശികയാവുന്ന സാഹചര്യം ഉണ്ടായി. |

| | | | |
|---|---|---|---|
| | ആരംഭിച്ച പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും കടുത്ത പ്രതിസന്ധിയിൽ ആണെന്നത് പരിശോധിച്ചിട്ടുണ്ടോ ; | | സാങ്കേതിക സഹായം ലഭ്യമായ ഉടൻതന്നെ കുടിശ്ശിക അടക്കമുള്ള മുഴുവൻ തുകയും വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു . വിദ്യാർഥികൾ അപേക്ഷ സമർപ്പിക്കുന്നതിലും സ്ഥാപനങ്ങൾ ഈ അപേക്ഷകൾ പരിശോധിച്ച് ഫോർവേർഡ് ചെയ്യുന്നതിലും വന്ന കാലതാമസവും കുടിശ്ശിക വരുവാൻ കാരണമായി. വിവിധ സർവകലാശാലകളുടെയും പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഏകീകരിച്ചുകൊണ്ട് താമസം വിനാ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75 % കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവുമാണ്. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പെടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ച് വരികയാണ്. |
| (എഫ്) | എങ്കിൽ സ്കോളർഷിപ്പ് കുടിശ്ശികകൾ വിതരണം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (എഫ്) | വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന സ്കോളർഷിപ്പ് കുടിശ്ശികയാവുന്ന സാഹചര്യം ഉണ്ടായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻതന്നെ കുടിശ്ശിക അടക്കമുള്ള മുഴുവൻ തുകയും വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു . വിദ്യാർഥികൾ അപേക്ഷ സമർപ്പിക്കുന്നതിലും സ്ഥാപനങ്ങൾ ഈ അപേക്ഷകൾ പരിശോധിച്ച് ഫോർവേർഡ് ചെയ്യുന്നതിലും വന്ന കാലതാമസവും കുടിശ്ശിക വരുവാൻ കാരണമായി. വിവിധ സർവകലാശാലകളുടെയും പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഏകീകരിച്ചുകൊണ്ട് താമസം വിനാ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75 % കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവുമാണ്. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം |

| | | | |
|---|---|---|---|
| | | | ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ